# CHANDRIKA - 13-03-2025

## സിഫ്റ്റിൽ സൗജന്യ സംരംഭക സെമിനാർ

കൊച്ചി: ഐസിഎആർ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രിബിസിനസ് ഇൻകുബേഷൻ സെന്റർ വിഭാഗം ഫിഷറീസ് മേഖലയിലെ സംരംഭകത്വ സാധ്യതകൾ വികസിപ്പിക്കുന്നതിനായി അകാബിസ് 2.0 എന്ന പേരിൽ സൗജന്യ സംരംഭക സെമിനാർ സംഘടിപ്പിക്കുന്നു. 18ന് രാവിലെ ഒമ്പതിന് പനമ്പിള്ളി നഗറിലുള്ള ഹോട്ടൽ അവന്യൂ സെന്ററിൽ നടക്കുന്ന സെമിനാറിൽ സമുദ്രോത്പന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ, മത്സ്യമേഖലയുമായി ബന്ധമുള്ളവർ സംരംഭകർ തുടങ്ങിയവർക്ക് പങ്കെടുക്കാം. മത്സ്യബന്ധന മേഖലയിലെ സാങ്കേതികവിദ്യ പുരോഗതികൾ, അലങ്കാര മത്സ്യങ്ങളുടെ പ്രജനനവും വളർത്തലും, മത്സ്യങ്ങളുടെ രോഗ നിയന്ത്രണം, വാക്സിൻ ഡെവലപ്മെന്റ്, ചെലവ് കുറഞ്ഞതും പോഷകസമൃദ്ധവുമായ മത്സ്യ തീറ്റ ഫോർമുലേഷനുകൾ തുടങ്ങിയവ സെമിനാറിൽ അവതരിപ്പിക്കും. മത്സ്യസംസ്കരണത്തിനുള്ള നൂതന സാങ്കേതികവിദ്യകൾ, മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ എന്നിവ പരിപാടിയിൽ പരിചയപ്പെടുത്തും. രജിസ്ട്രേഷൻ മാർച്ച് 16 വരെ. ഇമെയിൽ: www.cift.res.in, ztmcfisheries@gmail.com.